DESPATCHED
On. 22/9/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 861(3)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.7112/*എസ്.ഐ.സി-ജി 1/2021*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 14.09.2022

ശ്രീ. കെ.എസ്. പ്രശാന്ത് കുമാർ,
T.C. 11/508,
ഉല്ലാസം വീട്,
നന്തൻ നഗർ, നന്തൻകോട്,
കവടിയാർ പി.ഒ, തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം – 33.
2. അപ്പീൽ അധികാരി & പോലീസ് സൂപ്രണ്ട് (ഇന്റ്), വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ട്രേറ്റ്, തിരുവനന്തപുരം – 33.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 26/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 09/06/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28/06/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/07/2021 |

## ഉത്തരവ്

തിരുവനന്തപുരം കവടിയാർ, നന്തൻ നഗർ, നന്തൻകോട്, T.C. 11/508 ൽ ശ്രീ. കെ.എസ്. പ്രശാന്ത് കുമാർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ., തിരുവനന്തപുരം ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ അദ്ദേഹം അവശ്യപ്പെട്ട വിവരം ലഭിച്ചില്ല എന്നതാണ് പരാതി. ശ്രീ. പ്രശാന്ത് കുമാർ

ആവശ്യപ്പെടുന്നത് ഒരു നിശ്ചിത കാര്യത്തിന്മേലുള്ള രേഖകളുടെ പകർപ്പല്ല. ടിയാന്റെ ആവശ്യങ്ങളിൽ ഏതെങ്കിലും ഒരു രേഖയോ, പരാതിയോ, അന്വേഷണമോ, കേസിന്റെ വിധിയോ ഒന്നും പ്രത്യേകമായി പരാമർശിക്കുന്നുമില്ല. പകരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലെയുള്ള ഒരു ഏജൻസിയിൽ നിന്നും കുറച്ചുകാലത്തെ ഇൻവേർഡ്/ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിന്റെ പകർപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവ സ്വഭാവത്തിൽ കേസിന്റെ അന്വേഷണം നടത്തുന്ന ഒരു ഏജൻസിയുടെ പ്രവർത്തനങ്ങളിലെ രഹസ്യ സ്വഭാവം ഇല്ലാതാക്കുന്നതിന് കാരണമാകുന്നതാണെന്നും ആയത് ആർ.ടി.ഐ. ആക്റ്റിലെ 8(1)(ജി) വകുപ്പ് പ്രകാരം പുറത്ത് നൽകേണ്ടതില്ലാത്തതാണെന്നും എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും മറുപടി നൽകിയിട്ടുള്ളത് ശരിയാണെന്ന് കാണുന്നു. 'എനിക്കെതിരെ ആരെങ്കിലും എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ' എന്ന് ചോദിക്കുന്നതും പ്രോത്സാഹിക്കപ്പെടാവുന്നതല്ല. എങ്കിലും ബ്യൂറോയിലെ രേഖകൾ പരിശോധിച്ച് ശ്രീ. പ്രശാന്ത് കുമാറിനെതിരെ ആരും പരാതികളൊന്നും നൽകിയിട്ടില്ല എന്ന് ഔദ്യോഗികമായി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഈ മറുപടികൾ രണ്ടും ശരിയാണെന്ന് ബോധ്യപ്പെട്ട് ശ്രീ. പ്രശാന്ത് കുമാറിന്റെ പരാതിയിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ ഫയൽ തീർപ്പാക്കുന്നു. അതേ സമയം ഒരു നിശ്ചിത കാര്യത്തിന്മേലുള്ള രേഖകളുടെ പകർപ്പ് വ്യക്തമായ സുചനകളോടെ ആവശ്യപ്പെടാൻ ശ്രീ. പ്രശാന്ത് കുമാറിന് അവകാശമുണ്ടായിരിക്കുന്നതും നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് അത് ലഭ്യമാക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ബാധ്യത ഉണ്ടായിരിക്കുന്നതുമാണ്.

3. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 സെപ്റ്റംബർ മാസം 14-ാം തീയതി) തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM